**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 180** **10-06-2024 - ൽ മറുപടിയ്ക്ക്**

**മാവേലിക്കര മണ്ഡലത്തിൽ ആർദ്രം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കര മണ്ഡലത്തിലെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, കുടുംബാരോഗ്യ കേന്ദ്രങ്ങൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ, താലൂക്ക്-ജില്ലാ ആശുപത്രി എന്നിവിടങ്ങളിൽ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പദ്ധതികൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (എ) | മാവേലിക്കര മണ്ഡലത്തിലെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, കുടുംബാരോഗ്യ കേന്ദ്രങ്ങൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ, താലൂക്ക്-ജില്ലാ ആശുപത്രി എന്നിവിടങ്ങളിൽ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പ്രവർത്തികൾ ചുവടെ ചേർക്കുന്നു.<br><br><u>1. മാവേലിക്കര ജില്ലാ ആശുപത്രി</u><br><br>കിഫ്ബി ഫണ്ടിൽ നിന്നും 126.55 കോടി ചെലവിട്ട് നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ആംബുലൻസുകൾ സജ്ജീകരിച്ചു.<br><br>ക്രിട്ടിക്കൽ കെയർ യൂണിറ്റ് 1.5 കോടി രൂപ ചെലവഴിച്ച് പൂർത്തിയാക്കി<br><br>മോഡുലാർ ഓപ്പറേഷൻ തീയറ്റർ 50 ലക്ഷം രൂപ വിനിയോഗിച്ച് നവീകരിച്ചു<br><br>എൻഡോസ്കോപ്പി, സോണോഗ്രാം അത്യാധുനിക കണ്ണ് പരിശോധനാ സംവിധാനമായ ആട്ടോ റിഫ്രാക്ടോ മീറ്റർ, കെരാട്ടോ മീറ്റർ എന്നിവ സജ്ജമാക്കി.<br><br><u>2. ലെപ്രസി സാനട്ടോറിയം നൂറനാട്</u><br><br>ആർട്ടിഫിഷ്യൽ ലിംബ് സെന്ററും ആർട്ടിഫിഷ്യൽ ലിംബ് ട്രെയിനിംഗ് സെന്ററും PMR യൂണിറ്റും സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽ നിന്നും 140 ലക്ഷം രൂപ വിനിയോഗിച്ച് പൂർത്തീകരിച്ചു സ്ഥാപിച്ചു. ആംബുലൻസുകൾ സജ്ജീകരിച്ചു.<br><br>നബാർഡ് ഫണ്ട് 23.53 കോടി രൂപ ഉപയോഗിച്ച് മെയിൽ, ഫീമെയിൽ വാർഡുകളുടെ നിർമ്മാണം പൂർത്തീകരിച്ചു . |

| | | | |
|---|---|---|---|
| | | | 3. നൂറനാട്, തഴക്കര, താമരക്കുളം, വള്ളികുന്നം പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ എം.എൽ.എ ഫണ്ട് ഉപയോഗിച്ചുള്ള പുതിയ കെട്ടിടം പൂർത്തീകരിച്ചിട്ടുണ്ട്.<br><br>4. കുറത്തികാട്, ചുനക്കര സാമൂഹ്യ ആരോഗ്യ കേന്ദ്രത്തെ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയിട്ടുണ്ട്.<br><br>5. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളായ പാലമേൽ,തഴക്കര, താമരക്കുളം, നൂറനാട്, വള്ളികുന്നം എന്നിവയെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുണ്ട്.<br><br>7. വള്ളികുന്നം PHC യിൽ എം.എൽ.എ ഫണ്ട് 175 ലക്ഷം രൂപ ഉപയോഗിച്ചുള്ള ഐസൊലേഷൻ വാർഡിന്റെ നിർമ്മാണം പുരോഗമിച്ചു വരുന്നു. |
| (ബി) | ആർദ്രം മിഷന്റെ രണ്ടാംഘട്ടത്തിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളത് എന്ന് വിശദമാക്കുമോ? | (ബി) | കുറത്തികാട്, ചുനക്കര സാമൂഹിക ആരോഗ്യ കേന്ദ്രങ്ങൾ ബ്ലോക്ക് FHC യായി ഉയർത്തിയതിന്റെ ഭാഗമായി ബ്ലോക്ക് പബ്ലിക് ഹെൽത്ത് ലബോറട്ടറി, ബ്ലോക്ക് HMIS സെൽ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br><br>എല്ലാ ആരോഗ്യ സ്ഥാപനങ്ങളിലും ഹെൽത്ത് ഗ്രാൻഡ് സഹായത്തോടുകൂടി രോഗനിർണയ സംവിധാനം ശക്തിപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br><br>ഹബ് ആന്റ് സ്പോക്ക് മാതൃകയിൽ രക്തപരിശോധന കുറഞ്ഞ ചിലവിൽ ചെയ്യുന്നതിനുള്ള സൗകര്യം ഒരുക്കുന്നതിനുള്ള നടപടികൾ നടത്തിവരുന്നു.<br><br>ഏകാരോഗ്യ പദ്ധതിയുടെ ഭാഗമായി കമ്മ്യൂണിറ്റി സർവെയിലൻസ് മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കമ്മ്യൂണിറ്റി മെന്റേർസിനും, കമ്മ്യൂണിറ്റി വോളന്റിയേഴ്സിനും പരിശീലനം നൽകി കഴിഞ്ഞു. മറ്റു ആരോഗ്യ വിഭാഗം ജീവനക്കാർക്കുകൂടി അടുത്ത ഘട്ട പരിശീലനം നൽകുന്നതാണ്. തൽഫലമായി അസുഖങ്ങൾ നേരത്തെ തന്നെ ശ്രദ്ധയിൽ വരുത്തുവാനും രോഗ വ്യാപനം തടയുവാനും സാധിക്കുന്നതാണ്.<br><br>ആർദ്രം മിഷന്റെ ഭാഗമായുള്ള ശൈലി സർവ്വേ രണ്ടാം ഘട്ടം ഉടനെ ആരംഭിക്കുന്നതാണ്. ജീവിതശൈലി രോഗങ്ങൾ നേരത്തെ കണ്ടുപിടിക്കാൻ ഉള്ള സ്ക്രീനിംഗ് ശക്തിപ്പെടുത്തുവാൻ ആശാ വർക്കർമാർ മുഖാന്തരം സർവ്വേ നടത്തുന്നതാണ്. |

| | | | |
|---|---|---|---|
| | | | ക്യാൻസർ കെയർ പ്രോഗ്രാമിന്റെ ഭാഗമായി ബ്രസ്റ്റ്, സെർവിക്കൽ, ഓറൽ ക്യാൻസറുകൾ നേരത്തെ കണ്ടുപിടിക്കുവാനുള്ള സർവേയും ഇതിനോടൊപ്പം നടത്തുന്നു. |

സെക്ഷൻ ഓഫീസർ